(ബി) 2012-13-ലെ ബഡ്ജറ്റിലാണ് പ്രഖ്യാപനം നടത്തിയത്. അതേ വർഷം തന്നെ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അപ്പ്-ഘർ പദ്ധതിക്കുവേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 2.5 കോടിരൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 3 കോടിരൂപയും അനുവദിച്ചിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 2.5 കോടിരൂപ 31 ജനുവരി 2014-ലും 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 3 കോടിരൂപ 26 സെപ്റ്റംബർ 2015-ലുമാണ് ഭവനം ഫൗണ്ടേഷൻ കേരളയ്ക്ക് നൽകിയത്. നിലവിൽ പാലക്കാട് ജില്ലയിൽ മാത്രമാണ് ഈ പദ്ധതി നടന്നുവരുന്നത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങി പാർക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായി താമസസൗകര്യം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ലഭിച്ച 5.5 കോടി രൂപയിൽ നാളിതുവരെ 3 കോടി രൂപ ചെലവായിട്ടുള്ളതും ബാക്കി തുകയായ 2.5 കോടിരൂപ ഇപ്പോൾ ട്രഷറിയിൽ നിലനിൽക്കുകയും ചെയ്യുന്നു.

ബീഡി തൊഴിലാളികളുടെ പുനരധിവാസം

230 (2510) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബീഡി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

ബാർ തൊഴിലാളികളുടെ പുനരധിവാസം

231 (2511) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. കെ. ദാസൻ :

ശ്രീ. വി. ചെന്താമരാക്ഷൻ:

ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ നിരോധനത്തെ തുടർന്ന് അവിടെ പണിയെടുത്തുകൊണ്ടിരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പട്ടിണിയിലായ തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാർ സ്ഥാപനങ്ങൾ പൂട്ടിയതുമൂലം കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല. ഇത്തരം പദ്ധതികൾ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കടങ്ങൾ എഴുതിത്തള്ളൽ

232 (2512) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ കടങ്ങളാണ് എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എത്ര രൂപ വരെയുള്ള കടങ്ങളാണ് എഴുതിത്തള്ളുന്നത്; ഏത് തീയതി വരെ കുടിശ്ശികയായ വായ്പയാണ് എഴുതിത്തള്ളുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഈ സർക്കാർ വന്നതിന് ശേഷം ഓരോ ബജറ്റിലും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ഡി) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനായി എത്ര അപേക്ഷകളാണ് നിലവിൽ വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) മിഷൻ 676-ന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളുടെ 1,00,000 രൂപ വരെയുള്ള ബാദ്ധ്യത എഴുതിത്തള്ളുന്നതിന് 30-3-2015-ലെ സ.ഉ.(അച്ചടി) 24/2015/പജപവിവ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly